## പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1393 — 04.02.2019 -ൽ മറുപടിക്ക്

### നിലമ്പൂർ റവന്യൂ ടവറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.വി. അൻവർ : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) ഹൗസിംഗ് ബോർഡിനെ നിർമ്മാണചുമതല ഏൽപ്പിച്ച നിലമ്പൂർ റവന്യൂ ടവറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) നിലമ്പൂർ വില്ലേജിൽ ബ്ലോക്ക് നം.90-ൽ റീ സർവ്വെ നം.85/6-ന്റെ പാർട്ടിൽപ്പെട്ട നിലമ്പൂർ റവന്യൂ ടവറിനുള്ള 50.3 സെന്റ് സ്ഥലം 17-05-2018-ന് കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിന്റെ ടോട്ടൽ സ്റ്റേഷൻ സർവ്വെ ചെയ്ത് സ്കെച്ച് തയ്യാറാക്കി കെട്ടിടത്തിൽ ഉൾപ്പെടുത്തേണ്ട ഓഫീസുകളെ സംബന്ധിച്ച വിവരങ്ങൾ നിലമ്പൂർ താലൂക്ക് ഓഫീസിൽ നിന്ന് ശേഖരിച്ച് പ്രദേശത്തെ മണ്ണ് പരിശോധന നടത്തി റിപ്പോർട്ട് ഹൗസിംഗ് ബോർഡ് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കെട്ടിടത്തിന്റെ റഫ് പ്ലാൻ തയ്യാറാക്കി നിലമ്പൂർ തഹസീൽദാർക്ക് അഭിപ്രായം അറിയിക്കുന്നതിനായി നൽകിയിരുന്നതും പ്ലാനിൽ വരുത്തേണ്ട മാറ്റങ്ങൾ തഹസീൽദാർ ഓഫീസിൽ നിന്നും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്ലാൻ ഫൈനലൈസ് ചെയ്തു വരുന്നുണ്ട്. ഇത്തരത്തിലുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ടതുള്ളതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ഹൗസിംഗ് ബോർഡിന് ആരംഭിക്കാനായിട്ടില്ല. |
| (ബി) തടസ്സങ്ങൾ നീക്കി എന്നത്തേക്ക് നിലമ്പൂർ റവന്യൂ ടവറിന്റെ നിർമ്മാണം ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ? | (ബി) പ്ലാൻ ഫൈനലൈസ് ചെയ്തതിനുശേഷം സ്ട്രക്ച്ചറൽ ഡിസൈൻ ചെയ്ത് നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ്, പ്രോജക്ട് റിപ്പോർട്ട് എന്നിവ തയ്യാറാക്കി ഭരണാനുമതിയും കിഫ്ബിയുടെ അംഗീകാരവും ലഭ്യമാക്കിയതിനുശേഷം സാങ്കേതികാനുമതി നൽകി പ്രസ്തുത പ്രവർത്തി ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ